കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - മഞ്ചേരി നഗരസഭയിലെ ചോഴിയംകുന്ന് ശ്മശാനത്തിലേക്കുള്ള വഴി സൗകര്യത്തിന് സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 1.12 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് മഞ്ചേരി നഗരസഭയ്ക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ ) നം.2250/2019/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം : 11/10/2019.

പരാമർശം: 1) മഞ്ചേരി നഗരസഭാ കൗൺസിലിന്റെ 20.12.2017-ലെ 5-ാം നമ്പർ തീരുമാനം.

2) നഗരകാര്യ ഡയറക്ടറുടെ 24/01/2019, 4/5/2019 തീയതികളിലെ ജി3-7664/2018 നമ്പർ കത്തുകൾ

3) മഞ്ചേരി നഗരസഭാ സെക്രട്ടറിയുടെ 22/07/2019-ലെ ഇ 1-865/14 നമ്പർ കത്ത്.

<u>ഉത്തരവ്</u>

മഞ്ചേരി നഗരസഭയിലെ ചോഴിയംകുന്ന് ശ്മശാനത്തിലേക്കുള്ള വഴി സൗകര്യത്തിന് സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള മഞ്ചേരി നഗരസഭയിൽ വാർഡ് നമ്പർ 38-ൽ ഏറനാട് താലൂക്കിൽ മഞ്ചേരി വില്ലേജിൽ ബ്ലോക്ക് 52-ൽ റീസർവ്വെ 96/9 ആയി ഉൾപ്പെടുന്ന 1.12 സെന്റ് സ്ഥലം ആർജൻസി ക്ലോസ് ഇൻവോക് ചെയ്ത് അക്വയർ ചെയ്യുന്നതിന് മഞ്ചേരി നഗരസഭാ കൗൺസിൽ പരാമർശം (1) പ്രകാരം തീരുമാനമെടുക്കുകയും അനുമതിക്കായി നഗരസഭാ സെക്രട്ടറി പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

2) ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം നിർദ്ദിഷ്ട ആവശ്യത്തിന് അനുയോജ്യമാണെന്ന് അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ തുക നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതായി പരാമർശം (3) പ്രകാരം നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് മഞ്ചേരി നഗരസഭയിലെ ചോഴിയംകുന്ന് ശ്മശാനത്തിലേക്കുള്ള വഴി സൗകര്യത്തിന് നഗരസഭയിൽ വാർഡ് നമ്പർ 38-ൽ ഏറനാട് താലൂക്കിൽ മഞ്ചേരി വില്ലേജിൽ ബ്ലോക്ക് 52-ൽ റീസർവ്വെ 96/9 ആയി ഉൾപ്പെടുന്ന 1.12 സെന്റ് സ്ഥലം 2013 ലെ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് മഞ്ചേരി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സബിത.എസ്.ഡി**

ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, മഞ്ചേരി നഗരസഭ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

റവന്യൂ വകുപ്പ്.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ